കണക്കിലെടുക്കുമ്പോൾ 1985-86-ൽ സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെചെലവിടുന്ന തുകയുടെ 9.44% പട്ടികജാതിക്കാർക്കുമാത്രമായുള്ള പരിപാടികൾക്ക് വകയിരുത്തിയിട്ടുള്ളതായിക്കാണാം.

(എഫ്) പദ്ധതികളുടെ പ്രയോജനംകൂടി കണക്കിലെടുത്താൽ സംഖ്യ കുറവുള്ളതായി കരുതുക സാദ്ധ്യമല്ല.

ഇരുപതിനപരിപാടിക്കു കേന്ദ്രം അനുവദിച്ചിട്ടുള്ള തുക

339. [522] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന സാമ്പത്തിക പരിപാടിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതായ തുക (1982-83, 1983-84, 1984-85) എത്രയാണ് ;

(ബി) അവയിൽ ഓരോ വർഷവും എത്രവീതം ചെലവഴിച്ചിട്ടുണ്ട് ;

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇരുപതിന സാമ്പത്തിക പരിപാടി അനുസരിച്ച് കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയിൽ തുക വല്ലതും ലാപ്സാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക ലാപ്സാക്കുവാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1982-83-ലേക്ക് 3457.416 ലക്ഷം രൂപയും, 1983-84-ലേക്ക് 4179.497 ലക്ഷം രൂപയും 1984-85-ലേക്ക് 7154.662 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) അവയിൽ 1982-83-ൽ 3083.871 ലക്ഷം രൂപയും 1983-84-ൽ 4919.078 ലക്ഷം രൂപയും 1984-85-ൽ 7221.983 ലക്ഷം രൂപയും ചെലവാക്കി.

(സി) ചില ഇനങ്ങളിൽ കുറച്ചു തുക അതാതു വർഷം ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. 1982-83-ൽ 451.229 ലക്ഷം രൂപയും 1983-84-ൽ 120.016 ലക്ഷം രൂപയും 1984-85-ൽ 110.413 ലക്ഷം രൂപയും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 1982-83-ലും 1984-85-ലും അനുവദിച്ച തുക മുഴുവനും ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിലും 1983-84-ൽ അനുവദിച്ച സംഖ്യയേക്കാൾ കൂടുതൽ ചെലവഴിക്കുകയും അങ്ങനെ കഴിഞ്ഞ മൂന്നു കൊല്ലത്തിൽ മൊത്തം അനുവദിച്ച സംഖ്യയേക്കാൾ കൂടുതലായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടിണി മരണം

340. [523] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ഇടയിൽ വ്യാപകമായ പട്ടിണി മരണങ്ങൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടിണിമൂലം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം എത്രപേർ മരണമടഞ്ഞിട്ടുണ്ട് ;

(സി) പട്ടിണി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി) പട്ടിണിമൂലം ആരും മരണമടഞ്ഞിട്ടില്ല.

(സി) പട്ടിക വർഗ്ഗക്കാരുടെ ഇടയിലുള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽദാന പദ്ധതി അനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ട്. തൊഴിൽ ലഭ്യമാക്കുന്നതിന് പ്രചാരമുള്ള തൊഴിലുകളിൽ പരിശീലനം നൽകുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിലും ചെറുകിട കച്ചവടം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൈവശഭൂമിയിൽ കൃഷി ചെയ്യുന്നതിന് വിവിധ സഹായങ്ങൾ ചെയ്തുവരുന്നു. ഉഴവുകാളകൾ, കറവപ്പശുക്കൾ, ആടുകൾ ഇവ വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് സൗജന്യ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം അവശതയനുഭവിക്കുന്നവർക്കും, അടിയന്തിര വൈദ്യസഹായമാവശ്യമുള്ളവർക്കും സഹായം നൽകുന്നുണ്ട്. അതിവർഷം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്ത ഘട്ടങ്ങളിൽ സൗജന്യ റേഷനും നൽകിവരുന്നുണ്ട്.

കേരളത്തിലെ ഐ. എ സ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാർ

341. [524] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാരിൽ കേരളീയർ എത്ര ;

(ബി) മറ്റ് ഓരോ സംസ്ഥാനത്തിൽ നിന്നുമുള്ളവരെത്ര ;

(സി) അവരിൽ സ്ത്രീകളെത്ര ;

(ഡി) അവരിൽ പട്ടികജാതിക്കാരെത്ര ; പട്ടിക വർഗ്ഗക്കാരെത്ര ; മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർ എത്ര വീതം ?

ഉത്തരം

(എ) ഐ. എ. എസ് 86
ഐ പി. എസ്. 58
ഐ. എഫ്. എസ്. 37

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഐ. എ. എസ്. 9
ഐ. പി. എസ്.
എ. എഫ്. ഐ എസ്. } ഇല്ല.

(ഡി)

പട്ടികജാതി		പട്ടികവർഗ്ഗം
ഐ. എ. എസ്.	20	3
ഐ. പി. എസ്.	7	2
ഐ. എഫ്. എസ്.	7	1

അഖിലേന്ത്യാ സർവീസുകളിലേക്കുള്ള നിയമനങ്ങളിൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണമില്ല. അതുകൊണ്ട് ഇതേപ്പറ്റി വിവരം ശേഖരിച്ചിട്ടില്ല.

342. [525] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ഒരു റേഡിയോ നിലയം സ്ഥാപിക്കാനുള്ള സ്ഥലം നൽകാത്തതുകൊണ്ട് റേഡിയോ നിലയം സ്ഥാപിക്കുവാൻ സാധിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥലം കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് എന്തു നടപടികൾ കൈക്കൊണ്ടു ;

(സി) റേഡിയോ നിലയം എന്നത്തേക്ക് പ്രവർത്തിച്ചു തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

† അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly